# കേരള സർവകലാശാല

നം.പി.ആർ.205/2018 ഫോൺ : 2305994

## പത്രക്കുറിപ്പ്

### ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ്

പ്രളയക്കെടുതിയിൽ സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റുകൾ എന്നിവ നഷ്ടപ്പെട്ടവർക്ക് ഡ്യൂപ്ലിക്കേറ്റ് ലഭിക്കുന്നതിനായുള്ള അപക്ഷ ഓൺലൈനായി സെപ്റ്റംബർ 24 വരെ നൽകാവുന്നതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും ബന്ധപ്പെട്ട രേഖകളും പരീക്ഷാ കൺട്രോളർക്ക് തപാൽമാർഗ്ഗമോ നേരിട്ടോ സമർപ്പിക്കേണ്ടതാണ്. ഇതിനായി പ്രത്യേക ഫീസും പോസ്റ്റൽചാർജും നൽകേണ്ടതില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫീസ്

എട്ടാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) സപ്ലിമെന്ററി ഒക്ടോബർ 2018 പരീക്ഷയ്ക്ക് പിഴ കൂടാതെ സെപ്റ്റംബർ 26 വരെയും 50 രൂപ പിഴയോടെ സെപ്റ്റംബർ 28 വരെയും 125 രൂപ പിഴയോടെ ഒക്ടോബർ 1 വരെയും ഓൺലൈനായി അപക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2018 ഒക്ടോബർ/നവംബർ മാസങ്ങളിൽ നടക്കുന്ന ബി.എ (ആന്വൽ) സപ്ലിമെന്ററി പരീക്ഷ പാർട്ട് III സബ്സിഡിയറി വിഷയങ്ങൾക്കും, ബി.എ അഫ്സൽ–ഉൽ–ഉലമ പാർട്ട് III പരീക്ഷകൾക്കും പിഴ കൂടാതെ സെപ്റ്റംബർ 26 വരെയും 50 രൂപ പിഴയോടുകൂടി സെപ്റ്റംബർ 28 വരെയും 125 രൂപ പിഴയോടുകൂടി ഒക്ടോബർ 1 വരെയും ഫീസടച്ച് അപേക്ഷിക്കാം. ഓൺലൈൻ രജിസ്ട്രേഷൻ സെപ്റ്റംബർ 17 മുതൽ ആരംഭിക്കുന്നതാണ്.

### പരീക്ഷാഫലം

2018 ജൂലൈയിൽ നടത്തിയ രണ്ടും, നാലും സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (ഐ.ഡി) ഡിഗ്രി പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 29 വരെ അപേക്ഷിക്കാം.

### പി.ജി അഡ്മിഷൻ

സി.എസ്.സ് മേയ് 2018 ൽ ബിരുദാനന്തര ബിരുദ പഠനവകുപ്പുകളിലേക്കു അഡ്മിഷന് തിരഞ്ഞെടുക്കപ്പെട്ടതായി എസ്.എം.എസ് ലഭിച്ചിട്ടുള്ള വിദ്യാർഥികൾക്കുള്ള അഡ്മിഷൻ മെമ്മോ www.admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അർഹരായ വിദ്യാർത്ഥികൾക്ക് മേൽ പറഞ്ഞ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് മെമ്മോ ഡൗൺലോഡ് ചെയ്യാവുന്നതാണ്. മെമ്മോയിൽ രേഖപ്പെടുത്തിയിരിക്കുന്ന ദിവസം രാവിലെ 10 മണിക്ക് അതാതു പഠനവകുപ്പുകളിൽ എത്തിച്ചേരേണ്ടതാണ്.

## നാഷണൽ അക്കാഡമിക് ഡെപ്പോസിറ്ററി (നാഡ്)

യു.ജി.സി മുഖേന കേന്ദ്രസർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നാഷണൽ അക്കാഡമിക് ഡെപ്പോസിറ്ററി (നാഡ്) പദ്ധതിയനുസരിച്ച് സർവകലാശാലയിൽ നിന്നും ബിരുദമെടുത്തവരുടെ വിവരങ്ങൾ അവരവരുടെ ആധാർ നമ്പർ അടിസ്ഥാനത്തിൽ ഓൺലൈൻ ആയി ലഭിക്കുന്ന സംവിധാനം സർവകലാശാലയിൽ നടപ്പിലാക്കുകയാണ്. 2017 മേയ്, 2018 ജനുവരി മാസങ്ങളിൽ ബി.ടെക് പരീക്ഷ പൂർത്തിയാക്കിയവരുടെ വിവരങ്ങളാണ് തുടക്കത്തിൽ ഈ സംവിധാനത്തിലൂടെ ലഭിക്കുന്നത്. മുകളിൽ പറഞ്ഞ വിഭാഗക്കാർ അവരുടെ ആധാർ നമ്പർ, പരീക്ഷ രജിസ്റ്റർ നമ്പർ, കോഴ്സ് കോഡ്, മൊബൈൽ നമ്പർ എന്നിവ nadsection@gmail.com എന്ന വിലാസത്തിൽ സെപ്റ്റംബർ 22 നു മുൻപ് നൽകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 8547082706 എന്ന നമ്പറിൽ നോഡൽ ഓഫീസറുമായി ബന്ധപ്പെടേണ്ടതാണ്. മുൻപ് വിവരങ്ങൾ നൽകിയവർ ഇനി നൽകേണ്ടതില്ല.

## പി.ജി പ്രവേശനം 2018-19 ഇന്നുകൂടി (17.09.2018)

സർവകലാശാലയുടെ ബിരുദാനന്തര ബിരുദ പ്രവേശനത്തിന് ഒന്നും രണ്ടും അലോട്ട്മെന്റ് ലഭിച്ചവർക്ക് അതത് കോളേജുകളിൽ സെപ്റ്റംബർ 17 ന് പ്രവേശനം നേടാവുന്നതാണ്.

## പരീക്ഷാ സമയം

2018 സെപ്റ്റംബർ 24 ന് ആരംഭിക്കുന്ന ഒന്നും, രണ്ടും വർഷ ബി.കോം (ആന്വൽ സ്കീം) പാർട്ട് ഒന്ന്, രണ്ട് പരീക്ഷാ സമയം പുന:ക്രമീകരിച്ചിരിക്കുന്നു. സെപ്റ്റംബർ 24, 26 തീയതികളിലെ പാർട്ട് ഒന്ന്, പേപ്പർ ഒന്ന്, രണ്ട് പരീക്ഷകൾ അന്നേദിവസം 1.30 PM മുതൽ 4.30 PM വരെയും, 28 ന് നിശ്ചയിച്ചിരുന്ന പാർട്ട് രണ്ട് പരീക്ഷ അന്നേ ദിവസം 2.00 PM മുതൽ 5.00 PM വരെയും ആയിരിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ഗ്രേഡ് കാർഡ്

2017 ഒക്ടോബറിൽ നടത്തിയ എം.ഫിൽ (യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം) വിദ്യാർത്ഥികളുടെ ഗ്രേഡ് കാർഡും, സർട്ടിഫിക്കറ്റും യൂണിവേഴ്സിറ്റി കോളേജിൽ നിന്നും കൈപ്പറ്റേണ്ടതാണ്.

## ത്രിദിന ദേശീയ ശില്പശാല സമാപിച്ചു

കേന്ദ്ര സർക്കാരിന്റെ കർഷക-ക്ഷേമ കാർഷിക മന്ത്രാലയത്തിന്റെ കീഴിൽ സർവകലാശാലയിലെ സാമ്പത്തിക ശാസ്ത്ര പഠന വകുപ്പിൽ പ്രവർത്തിക്കുന്ന കോസ്റ്റ് ഓഫ് കൾട്ടിവേഷൻ സ്കീം സംഘടിപ്പിച്ച ത്രിദിന ദേശീയ ശില്പശാല സെപ്റ്റംബർ 13 ന് തിരുവനന്തപുരം ഐ.എം.ജി പത്മം ഹാളിൽ ശ്രീ.കെ.എൽ പ്രസാദ് (സീനിയർ ഇ.എസ്.എ, ഡി.ഇ.എസ് ഗവ.ഓഫ് ഇന്ത്യ) ഉദ്ഘാടനം നിർവ്വഹിച്ചു. വൈസ് ചാൻസിലർ ഇൻ ചാർജ് ഡോ.സി ഗണേഷ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ പ്രൊഫ.അബ്ദുൾ സലീം.എ (ഡയറക്ടർ, കോസ്റ്റ് ഓഫ് കൾട്ടിവേഷൻ) സ്വാഗത പ്രഭാഷണം നടത്തി. ശ്രീ.നന്ദലാൽ (അഡ്വൈസർ, സി.ഇ.എസ്, ഗവ.ഓഫ് ഇന്ത്യ), ശ്രീ.ഡി.കെ പാണ്ഡെ (അഡ്വൈസർ, സി.എ.സി.പി, ഗവ.ഓഫ് ഇന്ത്യ) എന്നിവർ പ്രഭാഷണം നടത്തി. ശ്രീമതി.ഇന്ദുലേഖ പി.റ്റി (ഫീൽഡ് ഓഫീസർ, കോസ്റ്റ് ഓഫ് കൾട്ടിവേഷൻ സ്കീം, കേരള) നന്ദി പ്രകാശിപ്പിച്ചു.

ഡയറക്ടറേറ്റ് ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് (ഗവ.ഓഫ് ഇന്ത്യ), നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (ഗവ.ഓഫ് ഇന്ത്യ) എന്നിവിടങ്ങളിൽ നിന്നുള്ള പ്രമുഖ ഉദ്യോഗസ്ഥരും വിവിധ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന കോസ്റ്റ് ഓഫ് കൾട്ടിവേഷൻ സ്കീം ഉദ്യോഗസ്ഥരും പങ്കെടുത്ത ശില്പശാലയ്ക്ക് 15 ാം തീയതി സമാപനം കുറിച്ചു.

## ഹിന്ദി ദിനാചരണം

വിദൂര വിദ്യാഭ്യാസ കേന്ദ്രം ഹിന്ദി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഹിന്ദിദിനാചരണം സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി എം.എ വിദ്യാർത്ഥികൾക്കായി 'ഹിന്ദിഭാഷയുടെ സമകാലീന പ്രാധാന്യം' എന്ന വിഷയത്തിൽ പ്രസംഗമത്സരവും, ഉപന്യാസരചനാമത്സരവും നടത്തി. ഡോ.രാജൻ ടി.കെ, ഡോ.ഇന്ദു കെ.വി, ഡോ.ദീപക് കെ.ആർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു സംസാരിച്ചു. മത്സരത്തിൽ വിജയിച്ച അനൂപ, രഞ്ജു സജിത, പ്രേംകുമാർ എന്നീ വിദ്യാർത്ഥികൾക്ക് സമ്മാനവിതരണവും നടത്തി.

തിരുവനന്തപുരം.
15.09.2018

പബ്ലിക് റിലേഷൻസ് ഓഫീസർ